# ഉപജീവനം വിശാലമാവാൻ...

സയ്യിദ് സഅ്ഫർ സ്വാദിഖ്

മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. മറിച്ച് യഥാർത്ഥ ജീവിതം ആരംഭിക്കുകയാണ് ചെയ്യുന്നത്. ഇഹലോക ജീവിതം പരലോക ജീവിതത്തിലേക്കുള്ള യാത്രയാണ്. എന്നാൽ മനുഷ്യരിലധികവും പാരത്രിക ജീവിതം മറന്ന്കൊണ്ട് ഐഹിക ജീവിതം സുഖകരമാക്കുവാനാണ് പരിശ്രമിക്കുന്നത്. ഇസ്‌ലാം ഐഹിക ജീവിതത്തെയും അതിലുള്ള സുഖ സൗകര്യങ്ങളെയും അവഗണിക്കുവാൻ കൽപിക്കുന്നില്ല, മറിച്ച് ഈ ലോകവും, അതിലുള്ള സുഖസൗകര്യങ്ങളും ആസ്വദിക്കണമെന്നാണ് പറയുന്നത്, പക്ഷേ ഇസ്‌ലാം മുന്നോട്ട് വെക്കുന്ന നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണം അത് ആസ്വദിക്കേണ്ടത്. ആ നിയമങ്ങളെ അവഗണിക്കുവാൻ പാടില്ല. ഐഹിക ജീവിതത്തോടൊപ്പം തന്നെ പരലോക ജീവിതവും പ്രാധാന്യത്തോടെ പരിഗണിക്കണമെന്നും ഇസ്‌ലാം ശക്തിയായി ഉത്ബോധിപ്പിക്കുന്നു. ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ് ഐഹിക ജീവിതത്തിൽ ഐശ്വര്യമുണ്ടാവുകയെന്നത്. അതിന്‌വേണ്ടി പ്രാർത്ഥിക്കുവാനും വിശുദ്ധ ക്വുർആൻ നമ്മോട് കൽപിക്കുന്നുണ്ട്. ഖുർആൻ പറയുന്നു:

“ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ” (അൽബഖ റ:201)

ഇഹലോകത്ത് ഐശ്വര്യം ലഭിക്കുവാനും, ഉപജീവന മാർഗം വിശാലമാകുവാനും വേണ്ടി നാം ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിനുപയുക്തമായി വിശുദ്ധഖുർആനിൽ നിന്നും, തിരുചര്യയിൽ നിന്നു മുള്ള ചില കാര്യങ്ങളാണ് താഴെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ആ കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ അല്ലാഹു നമുക്ക് ഉപജീ വന മാർഗം എളുപ്പമാക്കി തരുന്നതാണ്.

**1- പാപമോചനം തേടലും, പശ്ചാതാപവും:**

“അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്കു മഴ സമൃദ്ധമായി അയച്ചു തരും. സ്വത്തുകളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങളുണ്ടാക്കിത്തരികയും, നിങ്ങൾക്കവൻ അരുവികളുണ്ടാക്കിത്തരികയും ചെയ്യും” (നൂഹ്:10-12)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നു കഥീർ തന്റെ തഫ്സീറിൽ പറയുന്നു: “നിങ്ങൾ അല്ലാഹുവിനോട് പാപമോചനം നടത്തുകയും, പശ്ചാതാപിക്കുകയും, അവനെ അനുസരിക്കുകയും ചെയ്താൽ നിങ്ങളുടെ ഉപജീവന മാർഗം വർദ്ധിക്കുകയും, ആകാശത്തിൽ നിന്നുള്ള അല്ലാഹുവിന്റെ അനുഗ്രഹമായ വെള്ളം നിങ്ങളെ കുടിപ്പിക്കുകയും, ഭൂമിയിൽ നിന്നുള്ള അവന്റെ അനുഗ്രഹങ്ങളെയും, കൃഷികളെയും മുളപ്പിക്കുകയും, പാൽ ചുരത്തുന്ന മൃഗങ്ങളുടെ പാൽ

വർദ്ധിപ്പിക്കുകയും, നിങ്ങൾക്ക് സമ്പത്തും, സന്താനങ്ങളും നീട്ടിത്തരികയും, അതായത് നിങ്ങൾക്ക് സമ്പത്തും സന്താനങ്ങളും നൽകുകയും, വൈവിധ്യമാർന്ന പഴവർഗങ്ങളുള്ള തോട്ടങ്ങൾ നൽകുകയും, അതിനിടയിലൂടെ ഒഴുകി കൊണ്ടിരിക്കുന്ന നദികൾ ഒഴുക്കി തരികയും ചെയ്യുന്നതാണ്" (തഫ്സീർ ഇബ്നു കഥീർ)

അല്ലാഹു പറയുന്നു: "എൻെറ ജനങ്ങളെ, നിങ്ങൾ നിങ്ങളുടെ രക്ഷി താവിനോട് പാപമോചനം തേടുക. എന്നിട്ട് അവങ്കലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ അയച്ചു തരികയും, നിങ്ങളുടെ ശക്തിയിലേക്ക് അവൻ കൂടുതൽ ശക്തിചേർത്തു തരികയും ചെയ്യുന്നതാണ്. നിങ്ങൾ കുറ്റവാളിക ളായിക്കൊണ്ട് പിന്തിരിഞ്ഞു പോകരുത്" (ഹൂദ്:52)

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യുക. എങ്കിൽ നിർണ്ണിതമായ ഒരവധിവരെ അവൻ നിങ്ങൾക്ക് നല്ല സൗഖ്യമ നുഭവിപ്പിക്കുകയും, ഉദാരമനസ്ഥിതിയുള്ള എല്ലാവർക്കും തങ്ങളുടെ ഉദാരതയ്ക്കുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. നിങ്ങൾ തിരിഞ്ഞു കളയുന്നപക്ഷം ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളുടെ മേൽ ഞാൻ നിശ്ചയമായും ഭയപ്പെടുന്നു" (ഹൂദ്:3)

**2- തഖ്‌വയുള്ളവരാവുക:**

തഖ്‌വയെന്ന് പറഞ്ഞാൽ: അല്ലാഹുവിൻെറ കൽപനകൾ ജീവിതത്തിൽ പകർത്തുകയും, അവൻ വിരോധിച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയുമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവനൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്" (ത്വലാ ഖ്:2-3)

ഈ ആയത്തിൻെറ വിശദീകരണത്തിൽ ഇമാം ഇബ്നുകഥീർ പറയുന്നു: "ആരെങ്കിലും അല്ലാഹു കൽപിച്ച കാര്യങ്ങളിൽ അവനെ സൂക്ഷിക്കുകയും, വിരോധിച്ച കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്താൽ അവന്ന് പ്രയാസങ്ങളിൽ പോംവഴി ലഭിക്കുന്നതാണ്, പ്രതീക്ഷിക്കാത്ത രൂപത്തിൽ ഉപജീവന മാർഗം ലഭിക്കുകയും (അതായത് അവൻ മനസിൽ വിചാരിക്കാത്ത രൂപത്തിൽ) ചെയ്യുന്നതാണ്" (ഇബ്നുകഥീർ)

"ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നു കൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്തുവെച്ചിരിക്കുന്നതിൻെറ ഫലമായി നാം അവരെ പിടികൂടി" (അഅ്റാഫ്:96)

"തൗറാത്തും, ഇൻജീലും, അവർക്ക് അവരുടെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങളും അവർ നേരാംവണ്ണം നിലനിർത്തിയിരുന്നെങ്കിൽ തങ്ങളുടെ മുകൾഭാഗത്തുനിന്നും, കാലുകൾക്ക് ചുവട്ടിൽനിന്നും അവർക്ക് ആഹാരം ലഭിക്കുമായിരുന്നു. അവരിൽതന്നെ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്. എന്നാൽ അവരിൽ അധിക പേരുടെയും പ്രവർത്തനങ്ങൾ വളരെ ചീത്ത തന്നെ" (അൽമാഇദ:66)

“ആ മാർഗത്തിൽ (ഇസ്‌ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകു ന്നതാണ്” (ജിന്ന്:16)

**<u>3- നന്ദി ചെയ്യുക:</u>**

അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് പകരമായി അവൻെറ കൽപനകൾ ജീവിതത്തിൽ പകർത്തി നന്ദി ചെയ്യുക. അതുപോലെ സഹജീവികളോടും നാം നന്ദി ചെയ്യുക, എങ്കിൽ അല്ലാഹു അവൻെറ അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ച് തരുന്നതാണ്. അല്ലാഹു പറയുന്നു:

“നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനു ഗ്രഹം) വർദ്ധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എൻെറ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭവും (ശ്രദ്ധേയ മത്രെ)” (ഇബ്രാഹിം:7)

അബൂഹുറൈറ(﵁)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: “ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല” (തിർമിദി)

**<u>4- അല്ലാഹുവിൽ ഭരമേൽപിക്കുക:</u>**

ഉമറുബ്നുൽ ഖത്വാബിൽ(﵁) നിന്നും: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: “തീർച്ചയായും നിങ്ങൾ അല്ലാഹുവിൽ യഥാർത്ഥ രൂപത്തിൽ ഭരമേൽപിക്കുകയാണെങ്കിൽ രാവിലെ വയറൊട്ടിയവരായി പോയി വൈകുന്നേരം വയർ നിറഞ്ഞവരായി മടങ്ങുന്ന പക്ഷികൾക്ക് ഉപജീവനം നൽകപ്പെടുന്നത്പോലെ നിങ്ങൾക്കും ഉപജീവനംനൽകപ്പെടുന്നതാണ” (തിർമിദി- അൽബാനി സ്വഹീഹാക്കിയ ഹദീസ്).

“വല്ലവനും അല്ലാഹുവിൻെറ മേൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹുതന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തൻെറ കാ ര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരുക്രമം ഏർപ്പെടുത്തിയിട്ടുണ്ട്” (ത്വലാഖ്:3)
ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് വെറുതെ ഇരിക്കുകയല്ല ചെയ്യേണ്ടത്, മറിച്ച് അതിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യണം. പക്ഷികൾ അതാണ് ചെയ്യുന്നത്. അവർ അവരുടെ ഉപജീവന മാർഗം അന്വേഷിച്ച് രാവിലെ കൂട് വിട്ട്പോകുന്നു. എവിടെയാണ് ഭക്ഷണമെന്ന് അന്വേഷിക്കുകയും അത് തേടിപ്പിടിക്കുകയും ചെയ്യുന്നു. അതു പോലെ മനുഷ്യരും ചെയ്യേണ്ടതുണ്ട്. മഹാനായ ഇബ്നു ഹജറുൽ അ സ്ഖലാനി തൻെറ ഫത്ഉൽബാരിയിൽ പറയുന്നതായി നമുക്ക് ഇങ്ങനെ കാണാവുന്നതാണ്: ‘എനിക്ക് ഭക്ഷണം ലഭിക്കുന്നത് വരെ ഞാൻ ജോലിയൊന്നും ചെയ്യാതെ വീട്ടിൽ ഇരിക്കും’ എന്ന് പറഞ്ഞ ഒരു വ്യക്തിയെ സംബന്ധിച്ച് ഇമാം അഹ്മദിനോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറയുകയുണ്ടായി: ‘അവന് യാതൊരു വിജ്ഞാനവും ഇല്ല, കാരണം പ്രവാചകൻ(ﷺ) പറയുന്നു: ( جُعِلَ رِزْقِي تَحْتَ ظِلِّ رُمْحِي) ‘എൻെറ ഉപജീവനം എൻെറ ആയുധത്തിൻെറ നിഴലിൻെറ ചുവട്ടിലാകുന്നു” (ബുഖാരി) എന്നിട്ട് ഇമാം അഹ്മദ് വീണ്ടും പറയുന്നു: “തീർച്ചയായും നിങ്ങൾ അല്ലാഹുവിൽ യഥാർത്ഥ രൂപത്തിൽ ഭരമേൽപിക്കുകയാണെങ്കിൽ രാവിലെ വയറൊട്ടിയവരായി പോയി വൈകുന്നേരം വയർ നിറഞ്ഞവരായി മടങ്ങുന്ന പക്ഷിക ൾക്ക് ഉപജീവനം നൽകപ്പെടുന്നത്പോലെ നിങ്ങൾക്കും ഉപജീവനം നൽ കപ്പെടുന്നതാണ്” ഇവിടെ പക്ഷികൾ


www.salafivoice.com

ഭക്ഷണമന്വേഷിച്ച് രാവിലെ വീട്ടിൽ നിന്നും പുറപ്പെടുന്നു. അതുപോലെ സ്വഹാബികൾ കച്ചവടം ചെയ്യുകയും, ഈത്തപ്പനത്തോട്ടത്തില ജോലി ചെയ്യുകയും ചെയ്തിരുന്നു. അവരെയാണ് നാം മാതൃകയാക്കേണ്ടത്." (ഫത്ഹുൽ ബാരി)

## 5- നന്മകൾ അധികരിപ്പിക്കുക:

എന്താണ് നന്മയെന്ന് പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നു:

പ്രവാചകനോ(ﷺ)ട് ജിബ്‌രീൽ(ﷺ) ചോദിക്കുന്നു: എന്താണ് നന്മ? തിരുമേനി(ﷺ) ഉത്തരം നൽകുന്നു: "നീ അല്ലാഹുവിനെ കാണുന്നത്പോലെ അവനെ നീ ആരാധിക്കുക, നിനക്ക് അല്ലാഹുവിനെ കാണാൻ സാധ്യമല്ലെങ്കിലും അല്ലാഹു നിന്നെ കാണുന്നുണ്ട്" (ബുഖാരി)

അബൂഹുറൈറ(رضي الله عنه)വിൽ നിന്നും നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു: മനുഷ്യരെ നിങ്ങൾ എന്നെ ആരാധിക്കുന്നതിലേക്കും നന്മകൾ ചെയ്യുന്നതിലേക്കും ധൃതിപ്പെടുക എങ്കിൽ നിൻെറ ഹൃദയത്തിൽ ഞാൻ ഐശ്വര്യം നിറക്കുകയും, നിൻെറ ദാരിദ്ര്യം തടയുകയും ചെയ്യുന്നതാണ്, നീ അങ്ങിനെ നന്മകൾ ചെയ്യുന്നില്ലായെങ്കിൽ നിനക്ക് ഭാരിച്ച ജോലികൾ നൽകി നിൻെറ കൈകളെ നിറക്കുകയും, നിൻെറ ദാരിദ്ര്യം ഞാൻ തട യുകയുമില്ല" (തിർമിദി- അൽബാനി സ്വഹീഹാക്കിയത്).

## 6- ഹജ്ജും ഉംറയും നിർവ്വഹിക്കുക:

വളരെ പുണ്യമുള്ള കാര്യമാണ് ഹജ്ജും ഉംറയും നിർവ്വഹി ക്കുകയെന്നത്, അത്കൊണ്ട് തന്നെ അത് നിർവ്വഹിക്കുന്നവർക്ക് ദാരിദ്ര്യം ഇല്ലാതാ വുന്നതാണ്. തിരുമേനി(ﷺ) പറയുന്നു: അബ്ദുല്ലാഇബ്നു മസ്ഊദ(رضي الله عنه)വിൽ നിന്ന്; പ്രവാചകൻ(ﷺ) പറയുന്നു: "നിങ്ങൾ ഹജ്ജും ഉംറയും ഒന്നിച്ച് ചെയ്യുക, കാരണം കൊല്ലൻെറ ഉലയിൽ വെച്ച് വെള്ളിയുടെയും, സ്വർണത്തിൻെറയും, ഇരുമ്പിൻെറയും അഴുക്കുകൾ നീക്കുന്നത് പോലെ ഹജ്ജും ഉംറയും നിങ്ങളുടെ ദാരിദ്രവും, പാപങ്ങളും നീക്കുന്നതാണ്. മബ്റൂറായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (തിർമിദി)

## 7- കുടുംബ ബന്ധം ചേർക്കുക:

കുടുംബ ബന്ധം ചേർക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിൽ വീഴ്ച കാണിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും കഠിന ശിക്ഷയുണ്ടായിരിക്കുമെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. അതുകൊണ്ട് കുടുംബ ബന്ധം മുറിഞ്ഞ്പോയിട്ടുള്ള ആളുകൾ പ്രത്യേകം അത് ചേർക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. ഒരു ഹദീസ് കാണുക:

അനസ്ബ്നുമാലിക്(رضي الله عنه)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നതായി അദ്ദേഹം കേൾക്കുകയുണ്ടായി: "തൻെറ ഉപജീവനത്തിൽ വിശാലത ലഭിക്കുവാനും, ദീർഘായുസ്സും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കുമാറാവട്ടെ" (ബുഖാരി)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: റസൂലുല്ലാഹി(ﷺ) പറയുകയുണ്ടായി: "നിങ്ങളുടെ കുടുംബ ബന്ധം ചേർക്കുവാൻ ഉപകരിക്കുന്ന കാര്യങ്ങൾ നിങ്ങൾ നിങ്ങളുടെ കുടുംബ പരമ്പരയിൽ നിന്നും പഠിക്കുക, കാരണം കുടുംബബന്ധം ചേർക്കൽ കുടുംബത്തെ ഇഷ്ടപ്പെടലും, ധനത്തിൽ വർദ്ധനവുണ്ടാകലും, ദീർഘായുസ്സ് വർദ്ധി പ്പിക്കലുമാകുന്നു" (തിർമിദി- അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

അലി(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുകയുണ്ടായി: “ആരെങ്കിലും ദീർഘായുസ്സ് ലഭിക്കുവാനും, ഉപജീവനമാർഗം വിശാലമാകു വാനും, ദുർമരണത്തെ തടയുവാനും ഇഷ്ടപ്പെടുന്നുവെങ്കിൽ അവൻ അല്ലാഹുവിനെ സൂക്ഷിക്കുകയും, കുടുംബ ബന്ധം ചേർക്കുകയും ചെയ്യട്ടെ” (അഹ്മദ്).

**8- അല്ലാഹുവിൻെറ മാർഗത്തിൽ ചിലവഴിക്കുക:**

അല്ലാഹു പറയുന്നു:

“നിങ്ങൾ എന്തൊന്ന് ചിലവഴിച്ചാലും അവൻ അതിന് പകരം നൽ കുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ” (സബഅ്:39)

ചിലവഴിക്കാതെ പിശുക്ക് കാണിക്കണം, കാരണം നീ ചിലവഴിച്ചാൽ ദരിദ്രനായി മാറുമെന്നുള്ള ഉപദേശം പിശാചിൻേറതാണ്. അല്ലാഹു പറയുന്നു:

“പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തി കൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അവൻെറ പക്കൽനിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു” (അൽബഖറ:268)

നാം അല്ലാഹുവിന് വേണ്ടി ചിലവഴിക്കുകയാണെങ്കിൽ അല്ലാഹു നമുക്ക് വേണ്ടിയും ചിലവഴിക്കുന്നതാണ്.

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചക തിരുമേനി(ﷺ) പറയുന്നു: “അല്ലാഹു പറഞ്ഞു: അല്ലയോ മനുഷ്യരെ, നിങ്ങൾ ചിലവഴിക്കുക, നിനക്ക്വേണ്ടി ഞാൻ ചിലവഴിക്കാം” (ബുഖാരി)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചക തിരുമേനി(ﷺ) പറയുന്നു: “അല്ലാഹുവെ, ചിലവഴിക്കാതെ പിശുക്ക് കാണിക്കുന്നവന് നാശം നൽകുകയും, ചിലവഴിക്കുന്നവന് പകരം നൽകുകയും ചെയ്യേണമേയെന്ന് പ്രാർത്ഥിക്കുന്ന രണ്ട് മലക്കുകൾ കൂടെയില്ലാതെ ഒരാളും തന്നെ ഒരു ദിവസവും എഴുന്നേൽക്കുന്നില്ല” (ബുഖാരി)

**9- മതവിജ്ഞാനം തേടുന്നവർക്ക് വേണ്ടി ചിലവഴിക്കുക:**

ഇസ്ലാമിക പ്രമാണങ്ങൾ പഠിക്കുന്നതും, പഠിപ്പിക്കുന്നതും വളരെ പുണ്യമുള്ള കാര്യമാണ്. അതുകൊണ്ട് തന്നെ അതിന് ഒഴിഞ്ഞിരിക്കുന്നവരെ സഹായിക്കൽ സമൂഹ ബാധ്യതയുമാണ്. അതാണ് തിരുമേനി(ﷺ) താഴെ വരുന്ന ഹദീസിൽ നമ്മെ പഠിപ്പിക്കുന്നത്:

അനസ്(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ)യുടെ കാലത്ത് രണ്ട് സഹോദരങ്ങളുണ്ടായിരുന്നു. അവരിൽ ഒരാൾ തിരുമേനി(ﷺ) യുടെ സദസ്സുകളിൽ പോയി വിജ്ഞാനം കരസ്ഥമാക്കുകയും, രണ്ടാമത്തെ വ്യക്തി രണ്ടാൾക്കുമുള്ള ഉപജീവന മാർഗം അന്വേഷിച്ച് പോകുകയും ചെയ്യാറുണ്ടായിരുന്നു. ഒരു ദിവസം ജോലിക്ക് പോകുന്ന സഹോദരൻ പ്രവാചകൻ(ﷺ)യുടെ അടുത്ത് വന്ന് പരാതി പറയുകയുണ്ടായി. അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: “ഒരു പക്ഷേ, അവൻ കാരണമായിരിക്കാം നിനക്ക് ഉപജീവനം നൽകപ്പെടുന്നത്” (തിർമിദി)

“ഭൂമിയിൽ സഞ്ചരിച്ച് ഉപജീവനം തേടാൻ സൗകര്യപ്പെടാത്തവിധം അല്ലാഹുവിൻെറ മാർഗത്തിൽ വ്യാപൃതരായിട്ടുള്ള ദരിദ്രന്മാർക്ക് വേണ്ടി (നിങ്ങൾ ചെലവ് ചെയ്യുക) (അവരെപ്പറ്റി) അറിവില്ലാത്തവൻ (അവരുടെ) മാന്യത കണ്ട് അവർ ധനികരാണെന്ന് ധരിച്ചേക്കും. എന്നാൽ അവരുടെ ലക്ഷണം കൊണ്ട് നിനക്കവരെ തിരിച്ചറിയാം. അവർ ജനങ്ങളോട് ചോദിച്ച് വിഷമിപ്പിക്കുകയില്ല. നല്ലതായ എന്തൊന്ന് നിങ്ങൾ ചെലവഴിക്കുകയാണെങ്കിലും അല്ലാഹു അത് നല്ല പോലെ അറിയുന്നവനാണ്” (അൽബഖറ:273) ഈ ആയത്തിൽ വളരെ വ്യക്തമാണ് കാര്യങ്ങൾ.

**10- ദരിദ്രരോട് നന്മ കാണിക്കുക:**

മിസ്അബ് ബ്നുസഅദിൽ നിന്ന്: സഅദ്(ﷺ) തന്നേക്കാൾ സമ്പത്ത് കുറഞ്ഞവരേക്കാൾ തനിക്ക് ശ്രേഷ്ടതയുണ്ടെന്ന് അഭിപ്രായപ്പെട്ടിരുന്നു, അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി: നിങ്ങളിലുള്ള ദരിദ്രരെക്കൊണ്ടല്ലാതെ നിങ്ങൾക്ക് ഉപജീവനം നൽകപ്പെടുകയും, സഹായിക്കപ്പെടുകയും ചെയ്യുന്നില്ല” (ബുഖാരി)

**11- അല്ലാഹുവിന് വേണ്ടി പാലായനം ചെയ്യുക:**

“അല്ലാഹുവിൻെറ മാർഗത്തിൽ വല്ലവനും സ്വദേശം വെടിഞ്ഞു പോകുന്നപക്ഷം ഭൂമിയിൽ ധാരാളം അഭയസ്ഥാനങ്ങളും ജീവിതവിശാലതയും അവൻകണ്ടെത്തുന്നതാണ്” (നിസാഅ്: 100)

ഉപജീവനം വിശാലമാകുവാൻ നാം അല്ലാഹുവും, അവൻെറ പ്രവാചകനും പറഞ്ഞ കാര്യങ്ങൾ ചെയ്യുക. അതല്ലാതെ അനുവദനീയല്ലാത്ത മാർഗങ്ങൾ അവലംബിച്ച് കൊണ്ട് അല്ലാഹുവിൻെറ കോപം നാം വാങ്ങാതിരിക്കുക. താഴെവരുന്ന ആയത്തുകൾ കൂടി നാം ശ്രദ്ധിക്കുക:

“നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവൻെറ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞുകൊള്ളുക” (അൻഫാൽ:24)

“എൻെറ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ചുകൊണ്ടു വരുന്നതുമാണ്. അവൻ പറയും: എൻെറ രക്ഷിതാവെ, നീ എന്തിനാണെന്നെ അന്ധനായ നിലയിൽ എഴുന്നേൽപിച്ചുകൊണ്ടുവന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ?, അല്ലാഹു പറയും: അങ്ങനെതന്നെയാകുന്നു. നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. എന്നിട്ട് നീ അത് മറന്നു കളഞ്ഞു. അത്പോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു” (ത്വാഹാ: 124-126)

അല്ലാഹു അവൻെറ അനുഗ്രഹം നമുക്കെല്ലാവർക്കും വിശാലമാക്കി തരുമാറാവട്ടെ. ഇഹത്തിലും പരത്തിലും അല്ലാഹു നമുക്ക് അനു ഗ്രഹം നൽകുമാറാവട്ടെ. ആമീൻ